# രോഗി

(ഖണ്ഡകാവ്യം)

61
66

T61
K66

കിഴക്കൂടൻ

# രോഗി

(ഖണ്ഡകാവ്യം)

P.23
T66
K66

DHARMARAM COLLEGE LIBRARY BANGALORE.
4216
4185

Presented to the Scholasticate
By the Rev. Bro. Baylon
T.O.C.D.

ഗ്രന്ഥകർത്താ:

ഫാദർ: ആൻെറണി കിഴക്കൂടൻ,

പരിയാരം.

*Imprimatur:*

Trichur, 20—9—'56.

✠ G. C. Alapatt,
Bishop of Trichur.

*All rights reserved to the author.*

Copy 1000.

വില **7** അണ.



ഗ്രന്ഥകർത്താ:

# അവതാരിക

സ്വന്തമായി കൊളുത്തിയ "കൈവിളക്കും" കൊണ്ടു, പള്ളിമുറിയിൽനിന്നു പുറത്തുകടന്ന സഹൃദയനും ഹൃദയാലുവുമായ റവ. ആൻറണി കിഴക്കൂടൻ ആദ്യമായി കണ്ടതു്, അവശനും, അശരണനുമായ ഒരു രോഗിയെയാണു്. അന്ത്യശുശ്രൂഷകളെ അർഹിക്കുന്ന ആസന്നമരണനായ ഒരു രോഗിയെ ഹൃദയശുദ്ധിയാകുന്ന വിളക്കിൽ, സഹോദരസ്നേഹസഹതാപമാകുന്ന എണ്ണപകൎന്നു്, വിശ്വാസമാകുന്ന തിരിയിട്ടു്, ദൈവഭക്തിയാകുന്ന അഗ്നികൊളുത്തിയതാണു ആ "മോക്ഷപ്രദീപ"ത്തിന്റെ വെളിച്ചത്തിന്റെ ചാലിൽപ്പെട്ടുപോയ 'രോഗി', ആ പുരോഹിതന്റെ മനസ്സിൽ സ്വാഭാവജമായ കരുണയുടെ തരംഗങ്ങളെ ഉല്ലാദിപ്പിച്ചതിൽ അത്ഭുതമില്ല. സഹൃദയനും സാഹിത്യരസികനുംകൂടിയായ ആ വൈദികനിൽ അപ്പോഴുണ്ടായ വികാരങ്ങളുടേയും വിചാരങ്ങളുടേയും ഒരു വിചിത്രചിത്രമാണു കോമളമായ ഈ കൊച്ചുകവിത. മററുള്ളവക്കു തന്നെ കാണാനും, തനിക്കു മററുള്ളവരെ കാണാനും കഴിവുണ്ടാകുന്ന നല്ല മിഴിവുള്ള "കൈവിളക്കു്" കയ്യിലുള്ളപ്പോഴം, മററൊരുത്തൻ, അദ്ദേഹത്തിന്റെ മുമ്പേനടന്നു വഴിയൊരുക്കുകയോ, പിമ്പേനടന്നു പുറംകാക്കുകയോ ആവശ്യമില്ലാത്തതാണു്. എങ്കിലും, കൈവിളക്കിന്റെ കാന്തികന്ദളം, കണ്ണിലടിച്ചതുകൊണ്ടായിരിക്കാം, അദ്ദേഹത്തിന്നു് ഈ രോഗിയെ കാണുമ്പോഴും മററൊരുത്തനുംകൂടി, കൂടെയുണ്ടായിരുന്നാൽ നന്നെന്നു തോന്നിയതു്. ആ ബ

ഹുമതി അർപ്പിക്കപ്പെട്ടവാൻ അദ്ദേഹം കണ്ടുപിടിച്ച വ്യ ക്തി, ഞാനായിപ്പോയതു് എങ്ങിനെയാണെന്നു് എനി ക്കിപ്പോഴും നിശ്ചയമില്ലെങ്കിലും ഈ 'രോഗി'യുടെ കാര്യ ത്തിൽ റവ. ആൻെറണി കിഴക്കുടൻ നടത്തുന്ന അവസാ നശ്രുശ്രൂഷയിൽ, മണി കൊട്ടുകയോ, ധൂപക്കുററി പിടിക്കു കയോ ചെയ്യാൻ ഇയ്യുള്ളവൻ നിയോഗിക്കപ്പെട്ടു എന്ന തിൽ എനിക്കു തികച്ചും അഭിമാനവും ആഹ്ളാദവും ഉണ്ടു്.

സംസ്കൃതവൃത്തത്തിലാണു് 'രോഗി'യെ കിടത്തി യിരിക്കുന്നതു്! അതിൻെറനേരെ കൃതഘ്നതയുടെ ഛായ യോടുകൂടിയ ഒരു അനാദരമാണിന്നത്തെ മലയാളകവിക ളിൽ കാണുന്നതു്. അതുകൊണ്ടുതന്നെ ഒരു പഞ്ചതപമോ, പഴക്കച്ചൊകയോ ഈ കവിതയിൽ, ആധുനികന്മാർ ആ രോപിച്ചേയ്ക്കും. ഏതാണ്ടു് ഇംഗ്ലീഷിൻെറനേരെ കാണി ക്കപ്പെടുന്ന ഒരു നിന്ദയോ, നന്ദികേടോ ആണു്, ദേശീയ തചത്തിനും, സ്വാതന്ത്ര്യബോധത്തിനും ഹിന്ദി കൂടിയേ കഴിയൂ എന്നിരിക്കിലുംകൂടി, ദ്രാവിഡവൃത്തങ്ങളെ മാത്രം ആദരിക്കയും, അംഗീകരിക്കയും ചെയ്യുന്നവർ, സംസ്കൃ തവൃത്തത്തോടും കാണിക്കുന്നതു്! ഇംഗ്ലീഷു് അല്ലെങ്കിൽ ഇംഗ്ലീഷുകാർ ഒരുസമയം വല്ല അപരാധവും ചെയ്തിരു ന്നാൽകൂടി, മലയാളത്തെ സംബന്ധിച്ചേടത്തോളം, സം സ്കൃതം എന്തെങ്കിലും ഉപദ്രവം ചെയ്തു എന്നോ അപ കർഷം വരുത്തി എന്നോ പറയാവുന്നതല്ല. അതുകൊണ്ടാ ണു്, ശ്രീ. കിഴക്കുടൻെറ കവിതയ്ക്കു്, അതിലെ വിഷയമാ യ രോഗിയുടെ അവശതയ്ക്കു പുറമെ, അങ്ങിനെയും ഒരു അവശത, പുരോഗമനവാദികൾ, കണ്ടു എന്നുവരാം. എ ന്നാൽ, ഈ ഗ്രന്ഥകർത്താവിൻെറ മുൻകൃതിയായ മേല്പ്പ

ത്ത "കൈവിളക്കിൽ" പകൎന്നുകാണുന്നതു ദ്രാവിഡസ്നേ
ഹമായതുകൊണ്ടു്, അദ്ദേഹത്തിൻെറ പ്രേമത്തിൻെറ
പൂൎവ്വാംഗം അവിടെത്തന്നെയാണെന്നു് അദ്ദേഹത്തിനും
നമുക്കും സമാധാനിക്കാം.

കാവ്യഭാവനയും, ചമല്ക്കാരസമ്പത്തും ഏററവുമ
ധികം വേണ്ടവരാണു പുരോഹിതന്മാർ എന്നാണെൻെറ
പക്ഷം. കാരണം, മറെറാന്നുമല്ല; അവർ പലതരത്തിലു
ള്ള വിശ്വാസികളുടെ മാനസിക രോഗങ്ങൾക്കു ചികി
ത്സിക്കാനും, അവരെ രക്ഷിക്കാനും ചുമതലപ്പെട്ടവരാ
ണു്. സാഹിത്യരസികത്വവും, ഭാഷാപാണ്ഡിത്യവും, പ്ര
സംഗങ്ങളാലും പ്രഭാഷണങ്ങളാലും ഇടവകക്കാരെ സമീ
പിക്കേണ്ടവരായവൎക്കു്, അവശ്യം ആവശ്യമായ രണ്ടു പ്ര
വണതകളാകുന്നു. പണ്ടുണ്ടായിരുന്ന കത്തനാരന്മാർ ആ
സംഗതി ശരിയായി ധരിക്കുകയും, തദനുസാരം പ്രവൎത്തി
ക്കയും ചെയ്തുവന്നു. അതുകൊണ്ടു്, അന്നത്തെ കത്തനാര
ന്മാരിൽ പലരും, നല്ല ഭാഷാപണ്ഡിതന്മാരും, സാഹിത്യ
രസികന്മാരുമായിരുന്നു. അവരെക്കൊണ്ടു സമുദായത്തിനു
മാത്രമല്ല, ഭാഷയ്ക്കും ഗണ്യമായ ഗുണമുണ്ടായിട്ടുമുണ്ടു്. എ
ന്തോ കാരണവശാൽ ഇടയ്ക്കുവെച്ചു്, ആ പഠിപ്പിനും മ
നോഭാവത്തിനും ഒരു മന്ദതയോ, വിഘ്നമോ സംഭവിച്ചതു
പോലെയാണു കാണുന്നതു്. എന്നാൽ, ഇപ്പോൾ ഒരു
നവോത്ഥാനവും, ഉന്മേഷവും പുതിയ തലമുറക്കാരായ
ക്രിസ്ത്യൻ പുരോഹിതന്മാരുടെ ഇടയിൽ കാണുന്നുണ്ടു്.
അതു് എത്രയും സ്വാഗതാൎഹമാകുന്നു. ഫാദർ സി. കെ.
മററത്തെപ്പോലെയുള്ള ഭാഷാഭിമാനികളും, പരിശ്രമശാ
ലികളും ക്രിസ്ത്യൻ സമുദായത്തിനു മാത്രമല്ല, ഭാഷാഭി
മാനികൾക്കൊക്കെത്തന്നെ, ആരാധ്യരാകുന്നു.

ഈ അടുത്ത കാലത്താണു്, മറെറാരു റവ. ഫാദറി ൻെറ ഒരു ഖണ്ഡകാവ്യത്തിന്നു് ഒരവതാരിക എഴുതുവാനു ള്ള ഭാഗ്യം എനിക്കുണ്ടായതു്. വിദ്വാൻ ശ്രീ. എസ്സ്. തേർ മഠത്തിൻെറ. അദ്ദേഹത്തേക്കാൾ വളരെ ചെറുപ്പക്കാര നാണു് ശ്രീ. കിഴക്കുടൻ. ശ്രീ. കിഴക്കുടനിൽനിന്നു് ഇനി യും വളരെയെല്ലാം ആശിക്കാവുന്നതുമാണു്.

'രോഗി'യുടെ ഒരു സർവ്വാംഗപരിശോധനയ്ക്കോ, രോ ഗാവസ്ഥകളെ മുഴുവൻ കണ്ടുപിടിക്കാനോ, നിവാരണം കല്പിക്കാനോ കഴിവുള്ള ഒരു ഭിഷഗ്വരനല്ല ഇയ്യുള്ളവൻ. അതുകൊണ്ടു്, അങ്ങിനെയുള്ള ഒരു അവിവേകത്തിന്നു പുറപ്പെടുന്നില്ല. അതിനത്രവളരെ ആവശ്യവും കാണു ന്നില്ല.

രുചിഭേദങ്ങൾ എല്ലാററിലുമെന്നപോലെ, അല്ല, ഏറാവുമധികമായിത്തന്നെ, സാഹിത്യരംഗത്തു കാണ പ്പെടുന്നുണ്ടു്. ഏതെങ്കിലും 'സ്കൂളിൽ'പെട്ടവരായിരി ക്കുന്നു ഒരു വാചകന്മാരും, നിരൂപകന്മാരും! അതുകൊ ണ്ടാണല്ലോ, ചിലപ്പോൾ, മഹാകവികൾപോലും കവി കളേ അല്ലെന്നു്, അധിക്ഷേപിക്കപ്പെട്ടുപോകുന്നതു്! അതുകൊണ്ടു ഞാൻ, പ്രസ്തുത കൃതിയെക്കുറിച്ചു നല്ലതു പ റഞ്ഞാൽ, അതു നിഷേധിക്കാനും, വല്ലതും പറഞ്ഞാൽ വല്ലായ്മയ്ക്കു പുറപ്പെടാനും ആളുകൾ ഉണ്ടായിരിക്കും. എന്നുവച്ചു് സ്വാഭിപ്രായം ഒന്നും പറയാതിരിക്കുന്നതും ശരിയാകയില്ല. ഒരവതാരികക്കാരൻെറ കർത്തവ്യം സംഹ രിക്കലല്ല, അവതരിപ്പിക്കലായതുകൊണ്ടും, അവതാരസ മയം, ആർപ്പുവിളികൾക്കും, ശംഖൊലികൾക്കും മാറവുമുള്ള പുണ്യവേളയായതുകൊണ്ടും ആ മംഗളാവസരത്തെ മാ

നിച്ചു മാറിനില്ക്കുന്നതായിരിക്കും ഉചിതമായിരിക്കുക; ധമ്മമായിരിക്കുക.

വളരെയധികം പഴക്കവും തഴക്കവുമുള്ള ഒരു സാഹിത്യകാരനല്ല, ചെറുപ്പക്കാരനും ഇടറിയ കാൽവെപ്പുകളോടുകൂടിയവനുമെങ്കിലും, വാസനാ സമ്പന്നനും, പരിശ്രമശാലിയും, ശുദ്ധാന്തക്കരണനുമായ ഈ യുവവൈദികൻ. ആളിക്കത്തുന്നില്ലെങ്കിലും പട്ടതിരികത്താത്തവിധം തയിലധാരണ്ണകൊണ്ടിരിക്കുന്ന ഒരു കാവ്യദീപമാണു നമ്മുടെ മുമ്പിൽ ഇരിക്കുന്നതു്. കൊടുങ്കാററിൽ കെട്ടേക്കാമെന്നു ഭയപ്പെടാവുന്നതുകൊണ്ടു്, അതിനുവേണ്ട രക്ഷ ചെയ്യേണ്ടതു്, കൈരളീഭക്തന്മാരുടെയെല്ലാം കടമയാകുന്നു. പാണ്ഡിത്യക്കുറവുണ്ടെന്നു പറയുന്നവരോടു്, പാണ്ഡിത്യം പ്രയത്നിച്ചുണ്ടാക്കാവുന്നതും, എന്നാൽ, വാസന, ജന്മസിദ്ധവും ആണെന്നു് അങ്ങോട്ടും പറയാവുന്നതാണു്.

ദീനൻ ദരിദ്രൻ ദളിതാന്തരംഗൻ
ദൈനം ദിനം ദുഃഖനിമഗ്നനായോൻ
കഷ്ടം! മഹാരോഗിയവൻെറയെല്ലാ-
ഭാവങ്ങളും, ദുർവ്വിധി താൻ ചമച്ചോ?

.... .... ....

പ്രഭുക്കളിൽ പൂജ നടത്തിയോരോ
പ്രഭാഷണം നീങ്ങിടുമേതവനും
നിർഭാഗ്യരാം രോഗികൾ വന്നിടുമ്പോൾ
നാവില്ല, നന്നായൊരു വാക്കുരയ്ക്കാൻ!

നല്ല ചിന്തയും, നല്ല രചനയും, വെവ്വേറെയും, ഒന്നിച്ചും കാണാവുന്ന പല നല്ല ശ്ലോകങ്ങളുമുണ്ടിക്കൊച്ചുപുസ്തക

ത്തിൽ. അതിലെ ചിത്രത്തിലെ രംഗവും, പശ്ചാത്തലവും മർമ്മസ്പൃക്കായിട്ടുള്ളതുമാണ്. സഹാനുഭൂതിയും സഹകരണ മനസ്ഥിതിയുമാണിന്നെത്രയും അത്യാവശ്യമായിരിക്കുന്നതു്. ആതുരസംരക്ഷണമാണിന്നത്തെ വിലപിടിച്ച പ്രശ്നം. അതിനു പാകത്തിനുള്ള ഒരു മാനസിക പ്രബുദ്ധതയുണ്ടാകുവാനാണു സാഹിത്യകാരന്മാർ ശ്രമിക്കേണ്ടതു്. ആ വഴിക്കു പോകുന്ന ഒരു കൊച്ചുകവിതയാകുന്നു 'രോഗി'.

അനുഭാവപൂർവ്വം, ആശിസ്സുകളോടുകൂടി അർപ്പിക്കപ്പെടേണ്ടതായ അന്ത്യശുശ്രൂഷകളെ, ഈ അച്ഛനിൽനിന്നും, വിശ്വാസത്തോടുകൂടി സ്വീകരിക്കുവാൻ കാത്തുകിടക്കുന്ന രോഗിക്കുമുമ്പിൽ കാത്തുനിന്നു്, അധികം പ്രസംഗിച്ചു സമയംകളഞ്ഞു രോഗിയുടേയോ, ശുശ്രൂഷകന്റേയോ, ബന്ധുക്കളുടേയോ, നീരസത്തിനു വഴിവെയ്ക്കാതെ, ഞാനിതാ, ഭക്ത്യാദരപുരസ്സരം ഗ്രന്ഥാവതരണം നിർവ്വഹിച്ചു, പിൻവലിഞ്ഞുകൊള്ളുന്നു.

തൃശ്ശിവപേരൂർ,
22-7-1956.

പുത്തേഴത്തു് രാമമേനോൻ.

# മുഖവുര

Be still, sad heart, and cease repining;
  Behind the clouds is the sun still shining;
Thy fate is the common fate of all
  Into each life some rain must fall,
Some days must be dark and dreary.

— H. W. Longefellow.

"ദുഃഖനിമഗ്നമായ ഹൃദയമേ, ശാന്തമായിരിക്കുക; നിൻെറ പിറുപിറുപ്പു നിർത്തുക; കാർമേഘത്തിൻെറ പിന്നിലായി ഇപ്പോഴും ആദിത്യൻ ജ്വലിച്ചു പ്രകാശിച്ചുകൊ കൊണ്ടിരിക്കുന്നുണ്ടു്. നിൻെറ തലയിലെഴുത്തു് എല്ലാവരുടേയും പൊതുവായ ആ തലയിലെഴുത്തുതന്നെയാണു്. ഓരോരുത്തരുടേയും ജീവിതത്തിലേയ്ക്കു് കുറെ മാരി പെയ്യണം; കുറെ നാളുകൾ ഇരുളടഞ്ഞതും ദുഃഖപൂരിതവുമായിരിക്കണം."

ദുഃഖിക്കുന്ന ഹൃദയങ്ങളോടു മഹാകവി ലോങ്ങ്ഫെല്ലൊ പറയുന്നതാണു മുൻപറഞ്ഞ വരികൾ. എന്നാൽ, ഈ തത്വം ഇന്നത്തെ ലോകത്തിൽ വിസ്മരിക്കപ്പെട്ടതു പോലെ തോന്നുന്നു. ദുഃഖിക്കുന്നവൎക്കു് ആശ്വാസത്തിനു കാരണമുണ്ടു്. ഈ തത്വം കൂടുതലായി ഈ 'രോഗി' വഴിയായി അറിയപ്പെട്ടുമെങ്കിൽ ഞാൻ കൃതാൎത്ഥനായി!

ഞാൻ ഈ കൃതി എഴുതിയിട്ടു കുറച്ചു കാലമായി. ഗദ്യകാരൻ, കവി, വാഗ്മി, വിമൎശകൻ എന്നീ നിലകളിൽ പ്രശസ്തിനേടിയിരിക്കുന്ന ഒരു മഹാനെ അതു പു

ത്തേഴത്ത് രാമമേനോൻ B. A., B. L. അവർകളെ കൊണ്ട് എൻെറ ഈ ചെറുകൃതിക്ക് അവതാരിക എഴുതിപ്പിക്കണമെന്നു ഞാൻ തീരുമാനിച്ചു. അതു മൂന്നു കാരണങ്ങറം കൊണ്ടാണ്. ഒന്നാമത്, കാര്യങ്ങളെ ഉള്ളതുപോലെ കാണുന്നതിനുള്ള പാണ്ഡിത്യവും കഴിവും. രണ്ടാമത്, അതു തുറന്നു പറയുന്നതിനുള്ള അസാമാന്യമായ ഹൃദയവിശാലത അല്ലെങ്കിൽ മനോധൈര്യം. മൂന്നാമത് എപ്പോഴും എവിടേയും തെളിഞ്ഞുനില്ക്കുന്ന ശുദ്ധാന്തഃകരണം അല്ലെങ്കിൽ നിഷ്കപടബുദ്ധി. അവതാരിക എഴുതുന്നതിനായി അദ്ദേഹത്തോടു ഞാൻ ആവശ്യപ്പെട്ടപ്പോറം മഹാമനസ്കനും നിഷ്കപടബുദ്ധിയുമായ അദ്ദേഹം സസന്തോഷം അതിനു സമ്മതിച്ചു. അനേകം ജോലിത്തിരക്കുള്ള ഒരാളാണ് പുത്തേഴത്ത് എന്നുള്ളത് എനിക്കറിയാം എങ്കിലും ആ ജോലിത്തിരക്കുകളുടെയിടയിൽ ഇതിൻെറ കയ്യെഴുത്തുപ്രതി വായിച്ച് അവതാരികയെഴുതിത്തന്നതിനു വാക്കുകറംകൊണ്ട് എങ്ങനെ നന്ദി പറയാനാണ്. അദ്ദേഹത്തിനു വളരെ വളരെ ഉപകാരം. പെരുത്തു പെരുത്തു നന്ദി എന്നുമാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

September 1956, Kandassankadavu.

ഫാ: ആൻെറണി കിഴക്കൂടൻ,
പരിയാരം.

# രോഗി

(ഖണ്ഡകാവ്യം)

1

ശരത്തുകാലത്തു കടുത്ത ചൂടിൽ
പാരം ശരീരപ്രഭയൊക്കെ മങ്ങി
നിരന്തരം പട്ടിണികൊണ്ടു വാടി-
ത്തളന്നൊരുത്തൻ വഴിയിൽ കിടപ്പൂ!

2

കരങ്ങൾ രണ്ടും തൊലികൊണ്ടു മൂടി-
പ്പൊതിഞ്ഞതാമസ്ഥികൾതന്നെയായി.
ഇരന്നു പോകാനവനില്ല ശക്തി
ഇരുന്നുപോയാൽ ഗതിയെന്തു പിന്നെ?

3

കട്ടേറെ, നേത്രങ്ങൾ കുഴിഞ്ഞു, വക്ത്ര-
മോജസ്സകന്നിട്ടധികം കരിഞ്ഞു
ഒട്ടിച്ചുളിഞ്ഞുള്ള കവിൾത്തടങ്ങ-
ളുരച്ചിടുന്നുണ്ടു തദീയഭാവി!

4

മെയ്യൊന്നകത്തോട്ടു വളഞ്ഞു, താടി
മാറോടു ചേരുന്നൊരു മട്ടിലായി
മാൎഗ്ഗത്തിലെങ്ങും വടിയും പിടിച്ചാ-
മനുഷ്യനൊട്ടൊട്ടു നടന്നിരുന്നു.

5

കീറിപ്പൊളിഞ്ഞുള്ളൊരു മുണ്ടു ചുററി
പഴക്കമേറുന്നൊരു ഭാണ്ഡമേന്തി,
മൂൎത്തീകരിച്ചുള്ള ദരിദ്രതയ്ക്കു
മാലാണ്ടവൻ മാതൃകയായിരുന്നു!

6

അന്നന്നു കിട്ടുന്നതുകൊണ്ടു തൃപ്തി-
യണഞ്ഞവന്നിന്നെവിടന്നുപോലും;
ഒന്നും ലഭിച്ചില്ല വിശപ്പകററാ-
നാവാതെ പാവം ഗതിമുട്ടി കഷ്ടം!

7

അന്നത്തിനായൎത്ഥന ചെയ്തിടുമ്പോ-
“ളെന്നും വരുന്നെ”-ന്നുരചെയ്യും ലോകം.
“ഇന്നില്ല പോകാമിനിയത്തെയാഴ്ച
വന്നാൽ തരാ”മങ്ങിനെയൊരുമോത്തും.

8

കാലത്തവൻ കഞ്ഞി കുടിച്ചതില്ല
ഉച്ചയ്ക്കു വെയ്ക്കാനരിയില്ല തെല്ലും
കടം കൊടുക്കുന്നതിനില്ലൊരാളും
കഷ്ടം! മടങ്ങി കിഴവൻ കുഴങ്ങി!

9

കടത്തിനായിട്ടു കിണഞ്ഞുരയ്ക്കേ
കൊടുത്തതേകാൻ പറയും കടക്കാർ
കായുമ്പൊളുള്ളം വയറും കുറച്ചു
കണ്ണീർ കുടിക്കും നടകൊള്ളുമായാൾ!

10

കരഞ്ഞു വേറെപ്പല വീടു കേറി-
കൊററിന്നിരക്കും ഗതിയററു കഷ്ടം!
വിശപ്പിൽ നീറിക്കരിയുന്ന നേരം
മാനം നടിക്കുന്നവർ മന്നിലില്ല!

11

നാണം മറയ്ക്കാനൊരു തുണ്ടു വസ്ത്രം
നേടാനവൻ വീടുകൾ കേറിടുന്നു!
നാളെ വരാനായവരോതിടുന്നു
നാളേയുമമ്മാതിരിയെത്ര കഷ്ടം!

12

അഷ്ടിക്കു ഗത്യന്തര മില്ലയെങ്കിൽ
തത്വങ്ങളെന്തിന്നുരചെയ്തിടുന്നു?
ജീവിയ്ക്കുവാനർഹതയുള്ളവന്നു
ഭക്ഷിക്കുവാനർഹതയുണ്ടു ന്യൂനം.

13

കരാളനേത്രങ്ങളെയെത്രകാണ്മൂ
നിരാശ്രയൻ തന്നുടെ മുമ്പിലായി
ദാരിദ്ര്യമാം വൻകുഴിയിങ്കൽ വീണാൽ
മരിക്കുവോളം വഴിയില്ല കേറാൻ.

14

നിരാശ്രയക്കൂരിരുളിൽക്കിടന്നു
തീണ്ടാടിടും മറ്റിതജീവിതത്തെ
സ്മരിച്ചിടാനുള്ള മനസ്സുമില്ല
കണ്ടീടുവാൻ കണ്ണുമിളാതലത്തിൽ

15

നിരാശ നിത്യം നെടുവീർത്തു തീർത്ത
ദീനസ്വരം കാതു തുളച്ചിടുന്നോ?
നിരന്തരം താന്തവപുസ്സെഴുന്ന
ദരിദ്രനെക്കണ്ടൊരു കണ്ണുമുണ്ടോ?

16

വിദ്യാവിഹീനന്നാണവും സ്വതന്ത്ര-
വിവേചനത്തിന്നറിവില്ല, പക്ഷേ,
മരിച്ചിടാതുള്ളൊരു മർത്ത്യദേഹി
നിലീനമായുണ്ടു തദീയമെയ്യിൽ.

17

ദാരിദ്ര്യമാകും തിരയിൽക്കിടന്നു
വലഞ്ഞിടും സാധുവിനെക്കരത്താൽ
പൊക്കീടുവാനാരുലകത്തിലിപ്പോ-
ളാരാണു പാലിപ്പതിനും കൃപാലു?

18

സ്വാതന്ത്ര്യവന്നോക്കിലൂഴിയിങ്ക-
ലന്യന്റെ ചൊറക്കുടിലാശ്രയിപ്പോ?
നാലഞ്ചു ചട്ടിപ്പൊളിമാത്രമാണു
നിർവ്വാണമേകീടിന സാധനങ്ങൾ!

19

മേടയ്ക്കുമേലുള്ളവരോടു പാവം
മാലാണ്ടവൻ ചെന്നു കരഞ്ഞുരയ്ക്കു,
"ശല്യം വരുന്നോ"ന്നു പറഞ്ഞുകൊണ്ടു
ശഠിച്ചിടുന്നുണ്ടു കഠോരചിത്തർ.

20

ഇസ്സാധുവിന്നൊല്ലിലെഴുന്നമജ്ജ-
യുരുക്കിയിപ്പാരിനു ജീവനേകി
ഇന്നീവിധം ശക്തിവെടിഞ്ഞുതെണ്ടി-
വന്നാലുമൊട്ടൊട്ടിടിവെട്ടു കേൾക്കാം!

21

കൃശാംഗനായിങ്ങനെ പട്ടിണിയ്ക്കു
കൂടായിടുന്നാക്കിഴവങ്കൽ മർത്ത്യൻ
കൈവല്യരൂപന്റെ കൃപാകടാക്ഷം
കണ്ടും കരൾക്കാമ്പലിയിച്ചിടുന്നോ?

22

കനത്ത പൊന്മാലയണിഞ്ഞു മാറിൽ
കാമ്യങ്ങൾ കൈവന്നു കഴിഞ്ഞിടുന്നോർ,
കണ്ടീടുമോ കഞ്ഞി കുടിച്ചിടാതെ
കഷ്ടപ്പെടും സാധുകുടുംബമെങ്ങും?

23

എന്തൊക്കെയോ മർത്ത്യനരച്ചിടുന്നു
കരാളമായി ക്കൃപ കൈവെടിഞ്ഞു
ചേതോഹരാംഗങ്ങളുടഞ്ഞു മണ്ണിൽ
ച്ചേരുന്നുവെന്നുള്ളൊരു ചിന്തയെന്ന്യേ?

24

ദീനൻ ദരിദ്രൻ ദളിതാന്തരംഗൻ
ദൈനംദിനം ദുഃഖനിമഗ്നനായോൻ
കഷ്ടം! മഹാരോഗിയവന്റെയെല്ലാ-
ഭാവങ്ങളും ദുർവ്വിധിതാൻ ചമച്ചോ?

25

ഈവണ്ണമോർക്കാനുമുരയ്ക്കുവാനു-
മൊരുങ്ങിടും മാനുഷരല്ലി! മന്നിൽ
കഠോരമാം ചിന്തകൾ ചെയ്തു വാക്കാം,
കൂരമ്പു കോരിച്ചൊരിയുന്നു കഷ്ടം!

26

പ്രക്ഷോഭമേറുന്നപയോധിയിങ്കൽ
പാരം പരുങ്ങുന്നൊരു കപ്പൽ നോക്കൂ!
മറിഞ്ഞിടുന്നൂ തിര തള്ളിടുമ്പോ-
ളൊരിക്കലും നിശ്ചലമായി നില്ക്കാ.

27

തിളച്ചിടുന്നെണ്ണയിൽനിന്നമന്ദ-
മുയർന്നിടുന്നാവി തണുത്തതാമോ?
പ്രക്ഷുബ്ധമാം ഹൃത്തടമൊന്നിൽനിന്നു
പൊന്തുന്ന വാക്കിങ്ങിനെതന്നെയല്ലീ?

28

പരന്ന തീച്ചൂളയിൽനിന്നു പൊന്തും
പുകപ്പടപ്പിൽച്ചെറുതുള്ളിപോലും
നീരുള്ളതായിട്ടൊരുവന്നു, ദൃശ്യ-
മാകുന്നതുണ്ടോ മഹിയിങ്കലെന്നും?

29

പൊൻപട്ടണിഞ്ഞിട്ടു മനോജ്ഞമായ
പൂമെയ്യു മൂടാൻ മടിയില്ലവന്നും
പത്രങ്ങൾ വാങ്ങാൻ പണമുണ്ടുപാരം
ഭിക്ഷയ്ക്കുമാത്രം കുറവാണു പാരിൽ!

30

പ്രഭുക്കളിൽപ്പൂജ നടത്തിയോരോ
പ്രഭാഷണം നീങ്ങിടുമേതവന്നും
നിർഭാഗ്യരാം രോഗികൾ വന്നിടുമ്പോൾ
നാവില്ല നന്നായൊരു വാക്കുരയ്ക്കാൻ!

31

മനുഷ്യചിത്തം ശിലകൊണ്ടു തീർത്ത-
തല്ലെങ്കിലിപ്പോളിതുപോലെയാമോ?
ഒരിക്കലീസ്സാധുവിനെപ്പുരത്തിൽ
ക്കാണുന്നതുണ്ടാം പല ദിവ്യരൊത്തു.

32

കടുത്ത പാറപ്പുറവും ജഗത്തിൽ
കഠോരവെയ്‌ലിന്നടിയേല്ക്കുമൂലം
പൊടിഞ്ഞുപോയും മനുജൻെറ ചിത്തം
പൊടിക്കുമെന്താണലിയാതിരിപ്പാൻ?

33

അടിക്കുമലങ്ങടികൊണ്ടിടുമ്പോഴും
പൊടിഞ്ഞിടാതെന്തിഹ നിന്നിടുന്നു?
കഷ്ടം! മനുഷ്യൻെറ കരൾക്കളത്തിൽ
കരാളഭാവം കഠിനം നിനച്ചാൽ!

34

കാചക്കടൽക്കുള്ളിലലംകയർത്ത
കല്ലോലവും കിഞ്ചനശാന്തമാകും
മർത്ത്യൻെറ മസ്തിഷ്കമതിങ്കൽവാച്ച
മോഹാന്ധകാരം മറവീലതെല്ലും!

35

ഫലം തരാത്തൂഷരമന്നുമോരോ
നിലങ്ങളായ് മാററിയെടുത്തിടുന്നു
വളങ്ങളിട്ടങ്ങു നനച്ചവർക്കു
വേണ്ടുന്നവണ്ണം വിളവാർന്നിടുന്നു!

36

കടുത്ത ലോഹങ്ങളെടുത്തു തിയ്യിൽ
ച്ചുടുന്നനേരം മൃദുവായിടുന്നു
കഷ്ടം! മനുഷ്യന്റെ കഠോരഹൃത്തു
മാററാനഹോ! തിയ്യിനുപോലുമാകാ.

37

കടുത്തപാറപ്പുറമായ ഹൃത്തി-
ല്ലൊരിക്കലും മഞ്ഞുപൊഴിക്കയില്ലേ?
വരണ്ടതാം ഭൂമിയിൽ മേലിലെന്നോ
സമൃദ്ധമായ് മാരിപൊഴിച്ചിടുന്നു?

38

കാരുണ്യമൂറും കുളിർകാററു കഷ്ടം
ദുഷ്ടന്റെ ഹൃത്താം മരുഭൂവിലുണ്ടോ?
കൃപാർദ്രമാകും മലർവല്ലിയെന്നു
ക്കുമ്പിട്ടുകാണുന്നു കരഠംക്കളത്തിൽ?

39

എന്നും ശരത്തോ മനുജന്റെ ഹൃത്തിൽ
വസന്തകാലം വരുകില്ലയെന്നോ?
പ്രേമോല്ലസത്താം പുതുപുഷ്പമെന്നാ-
ണതിങ്കൽ മൊട്ടിട്ടു വിരിഞ്ഞുകാണ്മൂ?

40

കൊഴിഞ്ഞു ഭൂവിങ്കലമന്ദശുഷ്ക-
പത്രങ്ങളോടൊത്തൊരു തപ്തഹൃത്തും,
വിരിഞ്ഞിടും പുഷ്പഗണങ്ങളൊത്തു
മോദിച്ചിടും ഹൃത്തടമെന്നുകാണും?

41

ആതങ്കമാം വൻതിമിരത്തിലാരി-
ന്നാനന്ദമാകും തിരികാട്ടിടുന്നു,
അതൊന്നു മോക്ഷത്തിനു സാക്ഷിയെന്ന
സത്യം മറഞ്ഞങ്ങു തിരിഞ്ഞുപോയോ?

42

നിൻകണ്ണുനീരൊന്നു തുടച്ചിടാനീ
മന്നിങ്കലാരും വരുകില്ലയെങ്കിൽ
വിണ്ണിങ്കൽനിന്നാക്കരുണാസ്വരൂപൻ
വന്നെത്തി നിൻകണ്ണിലെ നീർത്തുടയ്ക്കും!

43

ധർമ്മത്തിനായ് വീടുകളിൽക്കരേറി
യാചിച്ചനാവങ്ങു വലിഞ്ഞുപോയി!
ചുണ്ടൊട്ടുണങ്ങീയുമിനീരു വററി
ദേഹം തളർന്നു കിഴവൻ കുഴഞ്ഞു!

44

ധനാഢ്യരേറെദ്ധനമായ മായാ_
പ്രവാഹമാം വ്യർത്ഥതയിൽക്കിടപ്പൂ!
നിമേഷമാത്രം പണവായ്പിലയ്യോ!
നിലീനമായ് ഹൃത്തടിമപ്പെടുന്നു!

45

കോടീശ്വരന്മാരവർ തൻകിടാങ്ങൾ_
ക്കായിട്ടു ഭാഗിച്ചു കൊടുത്തിടേണ്ടും;
വിത്തത്തെ ദാരിദ്ര്യമെഴുന്നതായ
ഗോത്രത്തിനായെങ്ങിനെ നൽകിടുന്നു?

46

കോടീശ്വരാ! നിന്നരികിൽക്കരഞ്ഞു
കൈകാട്ടിടും ദുഃഖരോഗികൾക്കായ്
കൊടുക്കുവാനായ്പ്പണമില്ലയെങ്കിൽ
കൈവല്യരൂപന്നു കൊടുക്കുമോ നീ?

47

കേഴുന്ന പാവങ്ങളെ യങ്ങുമിങ്ങും
കണ്ടീടുവാൻ കണ്ണുകളില്ലയെങ്കിൽ,
ആ ദിവ്യനാകുന്ന പരാൽപ്പരന്റെ
ആദർശമെന്തെന്നറിയുന്നതുണ്ടോ?

48

ഫലത്തിൽനിന്നോ, തരുവിങ്കലുള്ള
ഗുണം ജനത്തിന്നറിയുന്നതുള്ള
പ്രവൃത്തിമൂലം വളരുന്നതൊന്നേ
ഫലങ്ങളായ്ക്കാണുക സാദ്ധ്യമാകൂ.

49

നിനയ്ക്കിലീ മാനുഷനെത്രകാലം
പണക്കൊഴുപ്പിന്നടിമപ്പെടുന്നു?
കാഛം കണക്കാക്കനെകത്തെയന്ത്യ-
കാലത്തുകാണാം മനുജന്നുകണ്ണിൽ!

50

പണംപെരുത്തുള്ള കുബേരർ മന്നിൽ
ഫലംതരാത്തുള്ള മരങ്ങൾപോലെ
പാരിങ്കലെപ്പാവനമായ ജന്മം
പാഴാക്കിനില്ക്കുന്നു പരംജയിച്ചു!

51

വിശപ്പിൽ നീറുന്നവനോടുപാഴായ്
വേദാന്തമെന്തിന്നുരിയാടിടുന്നു?
മനുഷ്യനാണെങ്കിൽ മനുഷ്യനോടു
മനുഷ്യഭാവ പ്രണയംവരേണം!

52

മനുഷ്യദൃഷ്ടിക്കു ദരിദ്രഭാവം
മനസ്സിലുദ്വേഗമണച്ചിരിക്കാം
മാലാണ്ടവൻ ദിവ്യപരാൽപ്പരന്റെ
മിഴിക്കു കൌതൂഹലമേകിയേക്കാം.

53

കഷ്ടം! പഴുത്താലിലയെത്രനേരം
കൊമ്പത്തു വീഴാതെയുറച്ചുനില്ക്കും?
അടുത്തൊരാക്കാററിലടർന്നുവീണി-
ട്ടുഗ്രമാം ചൂടിൽ വരണ്ടുപോകും!

54

അന്ത്യോക്തി കേൾപ്പാനുമൊരുത്തനില്ല
അംഭസ്സുനൽകാനുമൊരുത്തനില്ല
തൻപിഞ്ചുകുഞ്ഞുങ്ങളടുക്കലില്ല
തല്ക്കാലമാരാണിവനെത്തുണപ്പാൻ?

55

ജന്തുക്കൾ ചാവാൻ തുടരുമ്പൊഴേയ്ക്കും
എത്തുന്നിതേ മർത്ത്യനവയ്ക്കടുക്കൽ
ചത്താലുമെത്തീടുമവയ്ക്കടുക്കൽ
മർത്ത്യൻ മരിയ്ക്കെത്തുണയാരുമില്ല.

56

അസ്ഥിയ്ക്കുഴംമജ്ജനശിക്കയാലോ
ദേഹത്തിൽ രക്തം കുറവാകയാലോ
പ്രാണേന്ദ്രിയത്തിൻെറ തകൎച്ചയാലോ
ക്ഷീണംവളൎന്നാക്കിഴവൻ തളൎന്നു!

57

താങ്ങായിട്ടും തൻ വടിയുംവെടിഞ്ഞു
താനേമറിഞ്ഞൂ തെരുവീഥിയിങ്കൽ
തുണയ്ക്കുവാനല്ലൊരു കണ്ണുകാണാൻ
താന്താംഗനാരുണ്ടിഹ ദൈവമെന്ന്യേ?

58

പറന്നുപാറും പൊടി പാറിദേഹം
പരംമറഞ്ഞും മലിനതപമാൎന്നും
നേത്രങ്ങളിൽബ്ബാഷ്പജലംവഴിഞ്ഞും
നെററിക്കുമേൽ സ്വേദകണംപൊടിഞ്ഞു.

59

മണ്ണോടുമണ്ണായ്ത്തിരിയേണ്ടമേനി
ഇന്നിക്കിടക്കുന്നതു കണ്ടു കഷ്ടം!
എന്നെങ്കിലും താദൃശരായിടേണ്ടും
മനുഷ്യരാസ്സാധുവെ നോക്കിടുന്നോ?

60

ഇന്നല്ലയെങ്കിൽക്കുറെയങ്ങുചെന്നാൽ
മണ്ണോടുചേരേണ്ട നരൻെറ ചിത്തം
മണ്ണിനുവേണ്ടി നെടുവീർപ്പിടുന്നു
മണ്ണാകുമാവിണ്ണിനെ ലാക്കുനോക്കി!

61

നിതാന്തദിവ്യപ്രഭയിങ്കൽനിന്നു_
മൂറുന്ന കാരുണ്യമതൊന്നുമാത്രം
ഇവൻ കൊതിപ്പൂ ഇനിമേൽ ജഗത്തേ!
ചോദിപ്പതില്ലായവനാശയൊന്നും.

62

വിളക്കിലുള്ളെണ്ണ കഴിഞ്ഞൊടുക്കം
ആളിപ്പുകഞ്ഞിട്ടു പൊലിഞ്ഞമട്ടിൽ,
ഉള്ളിക്കിടന്നാകെയെരിഞ്ഞവായു
തള്ളിപ്പുറത്തായി നിലച്ചുചക്രം!

63

ഏറെപ്പണിപ്പെട്ടു തിരിച്ചിരുന്ന
തൻജീവനാകുന്നൊരു ചക്രമയ്യോ!
ചലിച്ചിടാതങ്ങിനെ മാർഗ്ഗമദ്ധ്യേ
നിലച്ചുപോയ് ജീവിതമെത്രതുച്ഛം!

64

ഹാ! മൺ ചുമന്നുള്ള ത്വദീയമേനി-
യീമട്ടിലായ് മണ്ണോടു ചേൎന്നുപോയും;
സ്വൎഗ്ഗീയസൌഭാഗ്യമെഴുന്ന പുണ്യ-
സൌധത്തിലായങ്ങിനെ വിശ്രമിക്കും!

65

ഹാ! മൺകുടം മേനിയുടഞ്ഞുപോയു-
മതിങ്കലുള്ളാക്കനകാത്മവായു;
പറന്നുപോയ് വാനിലു മെത്തിയിന്നു
സ്വൎഗ്ഗീയ മാധുൎയ്യ മറിഞ്ഞിരിക്കാം!

66

നിസ്സാരമായാക്കുടിലിന്നു ത്തുണായ്
നിന്നീടിനാശ്ശക്തി പൊലിഞ്ഞുപോയി!
നിരാശയാം കൂരിരുട്ടുമൂടി വീട്ടിൽ
പ്പാൎത്താൽ കഠോരം പുനരുള്ളഭാവി.

67

എന്താണിവന്നിങ്ങനെ സംഭവിപ്പാ-
നെന്നോൎത്തു കൊണ്ടെത്തിയതില്ല മൎത്ത്യർ
തൻകൎമ്മമാകാമിതിനുള്ള ഹേതു-
വെന്നോതിയെപ്പേരുമുടൻ പിരിഞ്ഞു!

68

ജനിച്ചനാളിങ്കലിവന്റെ ഭാവി
ശരിക്കടിച്ചാ വിധിവാചകത്തിൽ
കാണുന്നസാരം തെളിവായിരിക്കാ-
മെന്നോതിടുന്നൂ ചില മർത്ത്യരപ്പോൾ.

69

പിതാക്കളാൽച്ചെയ്ത കഠോരമായ
പാപത്തിളപ്പിൻപരിഹാരമെന്നും,
ആവാമിതെല്ലാം നിജഭാഗ്യദോഷ-
മെന്നോതിടുന്നോരു മകനുപിന്നെ.

70

അവന്റെ വേർപാടൊരുവനുപോലും
ചിത്തത്തിലെത്തീലയതെത്ര കഷ്ടം!
ആർക്കാണു ചേതം മനുജന്റെ ലക്ഷ്യം
എങ്ങോ തിരിഞ്ഞങ്ങു മറഞ്ഞുപോയി!

71

അർക്കൻപടിഞ്ഞാട്ടു കടന്നുപോയി
മുക്കാലുമേ സിന്ധുവിലാണ്ടുപോയി
അനന്തരംതൽക്ഷണ മാകമാന-
മനന്തമാകുന്ന തമസ്സിലാണ്ടു!

72

പൊന്നംബരം ചാർത്തിയ സൂര്യബിംബം
മന്നിങ്കൽ നിന്നിങ്ങനെ മാഞ്ഞുപോകേ,
നന്നായ്ക്കിഴക്കങ്ങിനെ കാണുമാറായ്
ചന്ദ്രൻെറ ചേതോഹരമായ ബിംബം!

73

ആ രക്തനാദിത്യനലംപടിഞ്ഞാ-
റാഴിത്തിരയ്ക്കുള്ളിൽ മറഞ്ഞിരിക്കേ,
നിറംപെടും താരഗണം ക്ഷണത്തിൽ
നിരന്നു വാനിൽപ്പുതുദീപ്തിയോടെ.

74

നിസ്സീമമായുള്ള നഭസ്സിലപ്പോൾ
നിരന്തരം താരകളുജ്വലിയ്ക്കേ,
നിതാന്തസന്തോഷമെഴും വിഹംഗം
നിർവ്യാജമാം കൂജനവും തുടന്നു!

75

ക്ഷീണിച്ചു വീട്ടിൽക്കഴിയുന്നവക്കായ്
ആരുണ്ടിനിത്തെണ്ടിനടക്കുവാനായ്
ആരാണിതിനുത്തരമോതുവാനായ്
അത്യന്തമാംദുർവ്വിധി താൻജയിച്ചു!

76

കുഞ്ഞുങ്ങളാവീടിനു പുറവുമായി
കഞ്ഞിക്കുവേണ്ടികരയുന്നു കഷ്ടം!
പഞ്ഞം നിറഞ്ഞുള്ളവനുള്ളജീവൻ
പാഞ്ഞങ്ങു പോയാൽപ്പുനരെന്തു ചെയ്യും?

77

തൻ മൂന്നുമക്കൾക്കു കഴിഞ്ഞുകൂടാ-
നാരാണിനിത്തെണ്ടിയിരന്നു പോകാൻ?
നോക്കീടുവാൻപോലുമസഹ്യമയ്യോ!
പാവങ്ങളായോരവരെന്തുചെയ്യും?

78

സന്ധ്യയ്ക്കു താതൻ വരുമെന്നതുള്ളി-
ലോർത്തങ്ങിരിക്കുന്ന ശിശുക്കളപ്പോൾ
ആരെക്കുറിച്ചാണിഹ കാത്തിരിപ്പാൻ
കഷ്ടം! പിതാവിപ്പതി ചെയ്തുവല്ലോ!

79

അത്താഴമുണ്ണുന്നതിനാർത്തിയോടെ
കാത്തങ്ങിരിക്കുന്നവർ സന്ധ്യയാകാൻ
അപ്പോൾ വരുന്നാ പ്രിയ താതനൊത്ത-
ങ്ങാഹ്ളാദമോടൊത്തു ഭുജിച്ചിരുന്നോർ.

80

പാവങ്ങൾ കുഞ്ഞുങ്ങൾ ചൊരിഞ്ഞ കണ്ണീർ-
കണങ്ങൾ കാണ്മാനുമൊരുത്തനില്ല
അനാഥരാക്കീട്ടിവരെപ്പിതാവു
ഹാ! ദീർഘനിദ്രയ്ക്കു തുടന്നിതാമോ?

81

മാതാവു കാലേയിഹലോകവാസം
വെടിഞ്ഞു നിത്യതപമുടൻ പുണന്നു
"അമ്മേ! വരൂ"-എന്നുരിയാടുവാനാ-
യവക്കു കഷ്ടം! ഭുവിഭാഗ്യമില്ല.

82

അപ്പോഴതാ! പിഞ്ചുകിടാങ്ങൾ കേട്ടു
അപ്പൻ മറിഞ്ഞങ്ങു മരിച്ചുവെന്നായ്
എന്തിന്നതോതുന്നു-കരഞ്ഞുകൊണ്ടു
എത്തുന്നു താതന്റെ തലയ്ക്കലേയ്ക്കായ്!

83

കിടന്നുരുണ്ടും ചെറുകൈകൾ നെഞ്ചി-
ലടിച്ചുകൊണ്ടും വിലപിച്ചുകൊണ്ടും
കിടാങ്ങൾതൻ താതനെ നോക്കിനോക്കി
കടന്നവൻതന്റെ ശിരസ്സിൽ മുത്തി!

84

കുഞ്ഞുങ്ങൾ തൻഹൃത്തു നേരമെന്തോ
കിടന്നുവേവുന്നിതു ലോഹതുല്യം
പിടഞ്ഞിടുന്നായതുടൻ ക്ഷണത്തിൽ
നിരാശയാം കാർമുകിൽകൊണ്ടുമൂടി.

85

അല്പം കഴിഞ്ഞാലതികഷ്ടമാകു-
മപ്പന്റെ മെയ് മണ്ണൊടു ചേർന്നുപോകും!
ഇപ്പാരിൽ മേലാലമൃതംപൊഴിക്കു-
മപ്പൂവൊളിപ്പുഞ്ചിരി കാൺകയില്ല.

86

ദാരിദ്ര്യദേവിക്കു പിറന്നവൻതൻ
ഭാരം കഴിഞ്ഞങ്ങു കടന്നുപോയി
പാരം കഠോരപ്പെരുമാരി മാറി-
ട്ടാരാൽവരുന്നൂ പുതുതാർഗണങ്ങൾ!

87

കഠോരമാകും തിമിരത്തിനും ഹാ!
വിനാശമുണ്ടാവതു കാൺമതില്ലേ
അതേവിധത്തിങ്കൽ വിനാശമാർത്തി-
യ്ക്കാ മർത്ത്യനും വന്നിടുമോർത്തിടേണം.

88

കുലീനനെന്നോ കുലഹീനനെന്നോ
കുബേരനെന്നല്ല കുചേലനെന്നോ
തത്വജ്ഞനെന്നോ തിമിരാന്ധനെന്നോ
തരിമ്പുമീശങ്കൽ വിഭേദമില്ല!

89

കാരുണ്യരൂപൻ മനുജക്കുവേണ്ടി
കൊടുത്തതല്ലേ കനകാംബരങ്ങൾ?
ചിലക്കു ചേതോഹരമായതില്ല
ചിലക്കു ചാർത്താനതുതന്നെ വേണം!

90

മനുഷ്യരെല്ലാമൊരു മഞ്ജുനൂലിൽ
മിനുന്നണിച്ചെമ്പവിഴങ്ങളല്ലേ?
ഒന്നിൻനിറം മററതിനില്ലയെന്നാ-
ണോർപ്പോളമക്കാര്യമഹോ! കടപ്പം!

91

ചിദാന്മകപ്പൊൻ ചരടിങ്കലൊന്നിൽ
ച്ചേർന്നുള്ളതല്ലേ സകലാന്തരംഗം?
ചായത്തിരശ്ശീലകൾ ജീവിതത്തിൽ
ചിത്രങ്ങളായ്ക്കാൺമൂ വിശേഷമായി!

92

മനുഷ്യദൃഷ്ടിക്കതിനീചനായി-
ക്കാണപ്പെടുന്നെങ്കിലുമീ മനുഷ്യൻ;
ആ ദിവ്യനൂലിങ്കലെഴുന്നമുത്തെ-
ന്നോർത്തീടുമോ പാർത്തലവാസി മർത്ത്യൻ?

93

രത്നങ്ങഃളറെച്ചളിയിങ്കലിന്നും
മർത്ത്യന്റെ ദൃഷ്ടിക്കൊരു മൂടലാലേ
ഒളിഞ്ഞിരിപ്പുണ്ടതു കാണുവാനായ്
കാലത്തിനേ കണ്ണുകളുള്ളു പാർത്താൽ.

94

പുത്തൻ പരിഷ്കാരമതെന്നുനണ്ണി
കാണിച്ചിടും ഗോഷ്ടികളെത്രയെത്ര,
മാറുന്നു, ലോകം നവമായ രീതി
കാണുന്നതിന്നുത്സുകരായിടുന്നു!

95

മഹിക്കുമേലീവിധ മർത്ത്യചിത്തം
നിരർത്ഥകപ്പാഴ്ച്ചെളി പൂണ്ടിരിപ്പൂ
നോക്കുന്നവർക്കിമ്പമതേകിയാലും
വെളുത്തുകാണും കുഴിമാടമല്ലോ?

96

ദാരിദ്ര്യദേവിക്കു പിറന്നുവെങ്കിൽ
ദുഃഖം സഹിച്ചീടണമേതൊരാളും
മർത്ത്യന്നു ദൈവം തുണചെയ്തിടുന്ന
മാർഗ്ഗങ്ങളെപ്പററിയറിഞ്ഞിടാമോ?

97

ആകാശഗോളങ്ങളെയിത്രമാത്രം
ക്രമപ്പെടുത്തീടുമവൻെറമാർഗ്ഗം
മനുഷ്യനുണ്ടോ തിരിയുന്നു കഷ്ടം!
ശ്രമിച്ചുവെന്നാലറിയാവതാണോ?

98

പാരിങ്കലേതാണ്ടൊരു മൂലയിങ്കൽ
പാർക്കുന്ന മർത്ത്യൻ തല പൊക്കി നോക്കി,
കാണുന്നതെന്താണു മഹാപ്രപഞ്ചം
ചമച്ചവൻ തന്നുടെ ശക്തിയെന്ന്യേ?

99

എന്താണിതിൻഹേതു മനുഷ്യബുദ്ധി-
ശക്തിക്കതീതം മനുജൻെറ ജന്മം
പാർത്തട്ടിലിന്നൊന്നു ജനിച്ചുവന്നു
പാർത്താലഹോ! ജീവിതമെത്ര കാലം?

100

ദുഃഖങ്ങൾ മോദത്തിനു കാരണം താൻ
ഒക്കെയ്ക്കുമുണ്ടാമവസാന മെന്നും
കഠോരമാം വൻതിമിരം കഴിഞ്ഞു
പുറപ്പെടുന്നുണ്ടു തെളിഞ്ഞ സൂര്യ്യൻ

101

ആവാമിതെല്ലാം പുനരുള്ളതായ
ജീവന്നലങ്കാരമെഴുന്നതായും
ഭവിച്ചതും മേലിൽ ഭവിപ്പതുംതാൻ
കല്പിച്ചവൻതൻ പരിപാലനംതാൻ.

102

നിനയ്ക്കുകിൽജ്ജീവിതസൗഖ്യമെല്ലാം
അരക്ഷണംകൊണ്ടു മറഞ്ഞിടുന്നു
അന്നാൾ തളിർത്താപ്പുതുവല്ലി പുഷ്പി-
ച്ചിന്നൊട്ടുണങ്ങിപ്പൊടിയായ്പ്പറന്നു!

103

ഹിമാലയത്തിൻമുടിയിൽക്കരേറ
പ്രയത്നമൊന്നിൻ കൊടി കുത്തിയാലും
മനുഷ്യനെന്നും ഭുവിമർത്ത്യനാണ-
ങ്ങവന്റെശക്തിക്കതിരുണ്ടു പാർത്താൽ.

104

ആററപ്രവൃത്തിപ്രഭകൊണ്ടു ലോകം
മൂടിച്ചിടാൻ ശക്തി ലഭിച്ച മർത്ത്യൻ
മരിച്ചിടേണം വിധിതന്റെ തീപ്പി-
ന്നടിപ്പെടാതേതവനുണ്ടിഹത്തിൽ?

105

നിരന്തരം ക്ലേശതമസ്സെഴുന്ന
ദുരന്തമാം നാടകമായ രാത്രി
മറഞ്ഞുപോയിട്ടുടനങ്ങുദിക്കും
പാരംപ്രഭാപൂരിതമാംപ്രഭാതം!

106

ഇഹത്തിലെജ്ജീവിതമീവിധത്തിൽ
കഴിച്ചവൻ മർത്ത്യതയെക്കടന്നു
നിതാന്തദിവ്യപ്രഭതഞ്ചിടുന്ന
സനാതനതത്വത്തിലണഞ്ഞിടുന്നു!

107

സഹിച്ചിടാതേതൊരു ഭാഗ്യമുള്ളൂ?
നശിച്ചഴിഞ്ഞേ മുള വിത്തിനുള്ളൂ
ഭാരം വഹിച്ചീടുമവന്നു കൂലി
ലഭിച്ചിടും നൂനമതിന്നുശേഷം.

108

എത്രയ്ക്കു പൊന്നൊന്നു ലയിങ്കലിട്ടി-
ട്ടൂതിടുമത്രയ്ക്കു തിളക്കമോടെ
മിന്നുന്ന കാന്തികതിർ ചുററുപാടും
തീയിൽപ്പുഴത്തേ നിജകാന്തിക്കൂട്ടം.

109

മഹോന്നത സ്ഥാനമലങ്കരിക്കും
മഹാനുമിമ്മാതിരി സംഭവിക്കും
മഹീതലത്തിങ്കൽ ജനിച്ചു ദുഃഖം
സഹിച്ചിടാതാരു മരിച്ചിടുന്നു?

110

കിഴക്കുഭാഗത്തൊളി വീശിടുന്ന
പ്രഭാകരൻതൻ കതിരൊക്കെ മന്നിൽ
പതിക്കുവാനായിത! നോക്കിടുന്നു
നക്ഷത്രമെല്ലാം മിഴി പൂട്ടിടുന്നു.

111

പാരിങ്കലാദിത്യനുടൻ തദീയ-
കരം നിരത്തിപ്പരിചിൽ സ്ഫുരിപ്പാൻ
വരുന്നനേരം പുതുതാർവിരിഞ്ഞു
നറുംകുളിർപ്പുഞ്ചിരിയും ചൊരിഞ്ഞു!

112

വിടൎന്നു മിന്നിപ്പൂത്തു ചന്തമേന്തി
നിരന്നു നന്നായ്ക്കുളിർകാററുമേററു
ആടുന്നതുണ്ടാ മലർ, വല്ലിയിങ്ക-
ലാനന്ദമുൾക്കൊണ്ടു മുരണ്ടു വണ്ടും.

113

അഹൎമ്മുഖത്തെപ്പുഴ്തേ പഴിച്ചു
ദിവാന്ധപക്ഷിവ്രജമങ്ങൊളിച്ചു
അഹൎപ്പതിക്കുള്ളൊരു വാഴ്ചമൂലം
പൂങ്കോഴിയും കാഹളമൂതിടുന്നു!

114

കാററത്തു കാദംബിനിയൊട്ടടഞ്ഞു
വാനത്തു നാനാവിധ ചിത്രമായി
അൎക്കന്റെ തങ്കക്കതിർമാലമഞ്ജു-
മഞ്ഞിൻകണം മന്ദമുണക്കിടുന്നു!

115

മേഘങ്ങൾ തങ്കപ്രഭയിൽക്കുളിച്ചു
മാനത്തെയൊന്നാകെയലങ്കരിച്ചു
മരുത്തുവീശി വരിവണ്ടു മൂളി
മനോജ്ഞമായ്പ്പക്ഷികൾ പാട്ടു പാടി.

പ്രഭാതവാതം പുണരുന്നനേരം
പുഷ്പങ്ങൾ ചാഞ്ചാടി രസിച്ചിടുന്നു!
പത്രങ്ങളെല്ലാം പരിചോടു തുള്ളി
പ്പരംമുദാ മേളവുമാചരിച്ചു!

117

കിളിക്കിടാങ്ങൾക്കുമെഴുന്ന മഞ്ജു-
കോലാഹലം കേൾക്കുകയായി നീളേ
പാരിന്നധീശന്നപദാനമെന്ന-
പോലായതുൾക്കാമ്പലിയിച്ചിടുന്നു!

118

താതന്റെ ദേഹം കുഴിയിങ്കൽ വെച്ചു
നിദ്രയ്ക്കൊരന്ത്യം ഇനിമേലിലില്ല
ദ്രവിച്ചുപോയിട്ടിനിമേലിലയ്യോ
ശ്മശാനനിശ്ശബ്ദതമാത്രമുണ്ടാം!

119

മൂകന്നു നാനാസുഖവും മനുഷ്യർ
മോദിച്ചു വാഴുന്നൊരു ദിക്കിലിന്നും
നിരന്തരം പട്ടിണിയായ തിഷ്ഠം
നീറിപ്പിടിക്കുന്നിതു രോഗവായ്പും!

ശുഭം.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |

DC Library
*00004214*
T61 K66

# ഗ്രന്ഥകർത്താവിൻെറ ഇതര കൃതികൾ

★

കൈവിളക്കു് 0—8—0

ത്യാഗദീപ്തി (ഫാ: ഡാമിയൻ) 1—0—0
(അച്ചടിയിൽ)

അപേക്ഷിക്കേണ്ടും മേൽവിലാസം:—

**UNION PRESS, MARIAPURAM, OLLUR.**

# രോഗി

(ഖണ്ഡകാവ്യം)

T61
K66

കിഴക്കൂടൻ

Indic Digital Archive Foundation
gpura.org